1. 2004 ഏപ്രിൽ മാസത്തിൽ സഹകരണവും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. എം.വി. രാഘവൻ, സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി ഡോ. ജയകുമാർ എന്നിവർ ദുബായ് സന്ദർശിക്കുകയും ദുബായ് പോർട്ട് അതോറിറ്റി അധികൃതരുമായി ചർച്ച നടത്തുകയും ചെയ്തു.

2. സഹകരണ-തുറമുഖ വകുപ്പുമന്ത്രി ശ്രീ. എം. വി. രാഘവൻ, സർക്കാരിന്റെ ഉപദേഷ്ടാവായ ശ്രീ. ബാബു ജേക്കബ്, തുറമുഖവകുപ്പ് മന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി ഡോ. ജയകുമാർ എന്നിവർ 23-6-2004 മുതൽ 5-7-2004 വരെ, മാൾട്ട, യു. കെ., നെതർലാന്റ്, ജർമ്മനി, സൗത്ത് ആഫ്രിക്ക എന്നീ രാജ്യങ്ങൾ സന്ദർശിച്ചു.

മാൾട്ടയിലെ ഹിലി കമ്പനി, മാൾട്ട ഫ്രീ പോർട്ട്, യു. കെ.-യിലെ പോർട്ട് ഓഫ് ലണ്ടൻ അതോറിറ്റി, എച്ചിസൺ പോർട്ട്, നെതർലാന്റിലെ ബോസ്ക്കാലിസ് ഇന്റർനാഷണൽ, ജർമ്മനിയിലെ ബ്രഹ്മൻ പോർട്ട്സ്, റോഗെ മൈൻ കൺസൾട്ടൻസ്, സൗത്ത് ആഫ്രിക്കയിലെ നാഷണൽ പോർട്ട്സ് അതോറിറ്റി എന്നിവരുമായി ചർച്ചകൾ നടത്തുകയുണ്ടായി.

3. സഹകരണവും തുറമുഖവും വകുപ്പ് സെക്രട്ടറി ശ്രീ. എൽ. രാധാകൃഷ്ണൻ ഐ. എ. എസ്., വിഴിഞ്ഞം ഇന്റർ നാഷണൽ സീ പോർട്ട് ലിമിറ്റഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ജയകുമാർ എന്നിവർ 2005 ജൂൺ മാസം 13 മുതൽ 14 വരെ സിംഗപ്പൂർ സന്ദർശിക്കുകയും പോർട്ട് ഓഫ് സിംഗപ്പൂർ അതോറിറ്റി അധികൃതരുമായി ചർച്ച നടത്തുകയും ചെയ്തു.

വിഴിഞ്ഞം തുറമുഖം സംസ്ഥാനത്തിനുണ്ടാക്കാവുന്ന നേട്ടം

120 [577] ശ്രീ. പി. കെ. കെ. ബാവ :

,, സി. മമ്മൂട്ടി :

,, പി. കെ. അബ്ദുറബ്ബ് :

,, നാലകത്ത് സൂപ്പി :

,, കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ടെർമിനൽ പൂർത്തിയാകുന്നതോടെ വിഴിഞ്ഞം ഏഷ്യയിലെ തന്നെ വലിയ തുറമുഖമായി മാറുമോ ;

(ബി) പ്രസ്തുത പദ്ധതി പൂർത്തിയായാൽ വിഴിഞ്ഞം തുറമുഖത്തിന് ഉണ്ടാകുന്ന സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) ഇതിന്റെ പണി പൂർത്തിയാകുമ്പോൾ സംസ്ഥാനത്തിനും രാജ്യത്തിനും ഉണ്ടാകാവുന്ന സാമ്പത്തിക നേട്ടം കണക്കാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്രയെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഏഷ്യയിലെ ഏറ്റവും വലിയ തുറമുഖങ്ങളിൽ ഒന്നായി മാറും.

(ബി) പദ്ധതി പൂർത്തിയായാൽ വിഴിഞ്ഞം തുറമുഖത്തിന് താഴെ പറയുന്ന സൗകര്യങ്ങൾ ഉണ്ടാകുന്നതാണ്:

(i)	ബ്രേക്ക് വാട്ടറുകൾ	- 5027 മീറ്റർ
(ii)	മദർ ഷിപ്പുകൾക്കുള്ള ബർത്ത്	- 4 എണ്ണം
(iii)	ഫീഡർ വെസ്സലുകൾക്കുള്ള ബർത്ത്	- 6 എണ്ണം
(iv)	ജനറൽ കാർഗോ ബർത്ത്	- 2 എണ്ണം
(v)	പനാമക്സ് ആന്റ് പോസ്റ്റ് പനാമക്സ് ക്രെയിനുകൾ	- 34 എണ്ണം
(vi)	പോർട്ട് സൗകര്യങ്ങൾ ഒരുക്കുന്നതിനായി കടൽ നികത്തിയെടുക്കുന്ന ഭൂമി	- 400 ഏക്കർ

(സി) ഉണ്ട്.

(ഡി) ആഭ്യന്തര സാമ്പത്തിക നേട്ടത്തിന്റെ തോത് (ഇക്കണോമിക്ക് ഇന്റേണൽ റേറ്റ് ഓഫ് റിട്ടേൺ) 51% വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

വിഴിഞ്ഞം തുറമുഖ വികസന പദ്ധതി

121 [578] ശ്രീ. പിരപ്പൻകോട് മുരളി :
,, പി. സി. ജോർജ് :
,, രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ വികസന പദ്ധതിക്ക് അന്തിമരൂപം ആയിട്ടുണ്ടോ ; ഇതിനുവേണ്ടി ഏതെല്ലാം കാലത്ത് ഏതെല്ലാം നിലയിലുള്ള വികസന പദ്ധതികൾക്കായിരുന്നു രൂപരേഖ തയ്യാറാക്കപ്പെട്ടതെന്ന് വിശദമാക്കാമോ ;

(ബി) സർക്കാർ ഏതെല്ലാം തീയതികളിൽ ഏതെല്ലാം പത്രത്തിലോ കരാറിലോ ഏർപ്പെടുകയുണ്ടായി, വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഏതെങ്കിലും കരാർ സർക്കാർ റദ്ദാക്കുകയുണ്ടായോ ; എങ്കിൽ എപ്പോൾ ; കരാർ റദ്ദാക്കുവാൻ ഇടയായ സാഹചര്യം വിശദമാക്കാമോ ;

(ഡി) പദ്ധതിയുടെ രൂപരേഖ ഏതെല്ലാം ഘട്ടങ്ങളിൽ പുതുക്കുകയുണ്ടായി ; വീണ്ടും പുതുക്കുവാനിടയായ സാഹചര്യം എന്തായിരുന്നു ;

(ഇ) നിലവിലുള്ള പദ്ധതിക്ക് വേണ്ടി കൺസൾട്ടൻസിയേയും ഉപദേഷ്ടാവിനെയും നിയോഗിക്കുകയുണ്ടായോ ; എങ്കിൽ എപ്പോൾ ; കൺസൾട്ടൻസിയെ കണ്ടെത്തുന്നതിന് വിളിച്ച ടെണ്ടറിൽ ആരൊക്കെ പങ്കെടുത്തു ;

LIBRARY ARCHIVES Kerala Legislative Assembly